# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 22/05/2015

**(03 SHABAAN 1436 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## Principles of Moral Teachings of a Religion

### മതത്തിലെ ധാർമ്മിക അധ്യാപനങ്ങളുടെ തത്വങ്ങൾ

സലാമിനും തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹാ ഓതിയശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

അൽഹംദുലില്ലാഹ്. മനുഷ്യന്റെ പ്രകൃത്യായുള്ള വിചാരങ്ങളും ധാർമ്മിക അധ്യാപനങ്ങളും എന്ന വിഷയത്തെക്കുറിച്ചുള്ള പ്രഭാഷണം തുടരുകയാണ്. അങ്ങനെ, ഒരു മതത്തിന്റെ ധാർമ്മിക അധ്യാപനങ്ങൾ സംബന്ധിച്ചുള്ള രണ്ടാമത്തെ തത്വം, ഓരോ ധാർമ്മിക ഗുണവും യഥാർത്ഥ അവസരങ്ങളിൽ പ്രയോഗവൽക്കരിക്കുന്നതിലാണ് കാര്യം. ശരിയും തെറ്റുമായ ധാർമ്മിക ഗുണങ്ങളെ സംബന്ധിച്ച് ഒരു മതം വിശദീകരണം നൽകേണ്ടതു തന്നെയാണ്. തന്നിലുള്ള പ്രകൃതി വാസനയെ ശരിയായ സ്ഥാനത്താണോ, അസ്ഥാനത്താണോ പ്രയോഗിക്കുന്നതെന്ന് തിരിച്ചറിയണം. ഈ ധാർമ്മികത ശരിയായ നിലയിൽ പ്രയോഗവൽക്കരിക്കുന്നില്ലെങ്കിൽ, അതിന്റെ ശൈശവ ദിശയിൽ തന്നെ ഒഴിവാക്കപ്പെടാനോ വന്ധ്യമാക്കാനോ സാധ്യതയുണ്ട്. അതുമല്ലെങ്കിൽ ലക്ഷ്യപാതയിൽ നിന്ന് വ്യതിചലിക്കുകയും ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയാതെ വരുകയും ചെയ്യുന്നു. അവർ ഒരു വിദ്യാർത്ഥിയെ പോലെയായിരിക്കും, അവൻ ഇംഗ്ലീഷ് ഭാഷ പഠിക്കുവാൻ ആഗ്രഹിക്കുന്നു. അവൻ അതിനായി ഓക്സ്ഫോർഡ് ഡിക്ഷണറി കാണാതെ പഠിക്കുന്നു. ഇത് അവനെ ലക്ഷ്യത്തിലെത്തിക്കില്ല. അവൻ സമയവും അധ്വാനവും ത്യാഗം ചെയ്യുന്നുണ്ടായിരിക്കാം. എന്നാൽ ഫലപ്രദമായ ഫലം ലഭ്യമാകുന്നില്ല. ആയതിനാൽ ഒരു മതത്തിന്റെ ഉത്തരവാദിത്വമാണ് ധാർമ്മിക ഗുണങ്ങളുടെ വിവിധ അവസ്ഥകളെക്കുറിച്ച് വിശദീകരിച്ചുകൊടുക്കുക എന്നത്. അങ്ങനെയായാൽ ജനങ്ങൾക്ക് വികാസത്തിന്റെ എല്ലാ മേഖലയിലും ഇതിന്റെ അധ്യാപനങ്ങളിൽ നിന്ന് പ്രയോജനം ആർജ്ജിക്കുവാൻ സാധിക്കുന്നതാണ്.

മൂന്നാമത്തെ തത്വം, ഒരു മതം അതിന്റെ ധാർമ്മിക കൽപ്പനകൾ എന്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വിശദീകരിക്കേണ്ടതുണ്ട്! കാരണം ഈ അറിവില്ലാതെ, ഉന്നതമായ ധാർമ്മിക നിലവാരത്തിലെത്തുവാൻ ആവശ്യമായ പ്രയത്നത്തിലേർപ്പെടുവാനും അത് നിലനിർത്തുവാനും അതിലൂടെ ലഭ്യമാകുന്ന സന്തോഷം അനുഭവച്ചറിയുവാനും കഴിയുകയില്ല.

നാലാമത്തെ തത്വം, നന്മയും തിന്മയുമായ ഉത്തേജനങ്ങളുടെ ഉറവിടം ചൂണ്ടി കാണിക്കേണ്ടതുണ്ട്! അതുപോലെ തിന്മയുടെ വഴികളെ തടയുന്നതിനുള്ള മാർഗ്ഗരേഖയും നൽകേണ്ടതുണ്ട് ! അതോടൊപ്പം നന്മയുടെ വഴികളെ വിപുലീകരിക്കേണ്ട വഴികളും തുറക്കേണ്ടതുണ്ട്. തിന്മയെ ഉന്മൂലനം ചെയ്യാൻ കഴിയുകയില്ല; നഫ്സിന്റെ ഇച്ഛകളെ നിയന്ത്രിക്കാത്തടത്തോളം കാലം ! മതം ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യാത്തിടത്തോളം, അവയുടെ ധാർമ്മിക അധ്യാപനങ്ങൾ അപൂർണ്ണങ്ങളായിരിക്കും. വെറും ആദർശ തത്വങ്ങൾകൊണ്ട് ഒരു കാര്യവുമില്ല; അവയുടെ പ്രയോഗവൽക്കരണം വിശദമാക്കാതെ ! ഞാൻ ചെയ്യുന്നതു

പോലെ! നിശ്ചയമായും ഖുർ ആൻ ഈ കാര്യങ്ങൾ വിശദീകരിക്കുകയും അങ്ങനെ മനുഷ്യന്റെ ധാർമ്മിക പുരോഗതിയുടെ വഴികൾ തുറന്നിടുകയും ചെയ്യുന്നു. മാനവകുലത്തിന്റെ യഥാർത്ഥ ധാർമ്മിക വഴികാട്ടി ഇസ്ലാം മാത്രമാണെന്ന് സ്ഥാപിക്കപ്പെട്ടിരിക്കുകയാണ്.

ഒരു പരിപൂർണ്ണമതത്തിന്റെ മറ്റൊരു പ്രവർത്തി മനുഷ്യന്റെ സാമൂഹ്യ ജീവിതത്തെ ബാധിക്കുന്ന കാര്യങ്ങളെ നിയന്ത്രിക്കുന്നതിനുള്ള തത്വങ്ങൾ അതിൽ ഉണ്ടായിരിക്കണം എന്നതാണ്. സമൂഹത്തിൽ അഥവാ ലോകത്തിൽ നിയമവാഴ്ചയും സമാധാനവും പുലരാൻ പര്യാപ്തമായ രാഷ്ട്രീയ പരിഷ്ക്കരണ നടപടികൾ അതിലുണ്ടായിരിക്കണം. ഇസ്ലാം അതിന്റെ അധ്യാപനങ്ങളിലൂടെ ലോകത്തിന്റെ മുൻപിൽ വിസ്മൃതമായി കിടന്ന അത്ഭുത സത്യങ്ങളെ പുറത്തുകൊണ്ടു വരുകയും, അധ്യാപനങ്ങളെ സംബന്ധിച്ച തെറ്റുദ്ധാരണകൾ നീക്കം ചെയ്യുകയും ചെയ്തിരിക്കുന്നു. ഒരൽപ്പം പരിഗണന നൽകിയാൽ, സംസ്കൃത വ്യവസ്ഥാപിത സമൂഹത്തിലെ ഒരംഗത്തിന്, തന്റെ ഏറ്റവും വലിയ ധാർമ്മികത പ്രകടിപ്പിക്കുവാൻ കഴിയുന്നതാണ്. ഒരു സാധാരണ മനുഷ്യന് ഒരു പരിധി വരെ മാത്രമേ ത്യാഗം ചെയ്യുവാൻ സാധിക്കുകയുള്ളൂ; അതിനപ്പുറം അവന് പോകാൻ കഴിയില്ല. അവനിൽ നിന്നും അതിൽ കൂടുതൽ പ്രതീക്ഷിച്ചാൽ അവന് വളരെ വലിയ ബുദ്ധിമുട്ടായി തീരും. അതിന്റെ ഫലം അവൻ അക്ഷമനായി തീരുകയും അവന്റെ നിയന്ത്രണം വിട്ടുപോകുകയും ചെയ്യുന്നതാണ്.

ആയതിനാൽ വ്യക്തിയിലെ ധാർമ്മിക ഗുണങ്ങളുടെ വളർച്ചയ്ക്ക് ഒരു സംസ്കൃത സമീപനം ആവശ്യമാണ്. ഉന്നത ധാർമ്മിക ഗുണങ്ങൾ ഒരു ന്യൂനപക്ഷത്തിൽ മാത്രമേ പ്രതീക്ഷിക്കാവൂ. മനുഷ്യ ജീവിതത്തിൽ, ഈ വസ്തുതകളിലേക്ക്, ഇസ്ലാം നല്ല നിലയിൽ വെളിച്ചം നൽകുന്നുണ്ട്. ഇസ്ലാം വളരെ വിശദമായി ഇക്കാര്യം സംസാരിക്കുന്നു. സ്വതന്ത്ര മനുഷ്യരുടെ അവകാശങ്ങൾ, ഉത്തരവാദിത്വങ്ങൾ, നീതിനിർവ്വഹണത്തിലെ സ്വാതന്ത്ര്യം, മനുഷ്യാവകാശങ്ങളുടെ പവിത്രത, മുതലാളി തൊഴിലാളി ബന്ധം, മനുഷ്യർക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾ രമ്യമായി തീർക്കുന്നതിനുള്ള വഴികൾ, ഒരു മുസ്ലീം പൗരന്റെ ഉത്തരവാദിത്വങ്ങൾ, പാവപ്പെട്ടവന്റെ അവകാശങ്ങൾ, വിവിധ മതങ്ങൾ തമ്മിലുള്ള ബന്ധം, വിവിധ ഭരണകൂടങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ അങ്ങനെ പലതും. മറ്റു മതങ്ങളെ വളരെ ആദരവോടെ, വളരെ ഉന്നതമായ സ്ഥാനം നൽകി ആദരിക്കുവാൻ അത് പഠിപ്പിക്കുന്നു. ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ഇസ്ലാം പഠിപ്പിക്കുന്നു. ഭരണകർത്താക്കൾ ഭരിക്കപ്പെടുന്നവരുടെ സേവകരായിരിക്കണം. എപ്പോഴും പൊതുജനത്തിന്റെ ക്ഷേമത്തിൽ പ്രവർത്തനനിരതരായിരിക്കണം. വാഗ്ദത്ത മസീഹ് മിർസാഗുലാം അഹ്മദ് (അ) ഒരാത്മീയ അധികാരത്തെക്കുറിച്ച് സംസാരിച്ചപ്പോൾ, അദ്ദേഹം അദ്ദേഹത്തെക്കുറിച്ച് വളരെ വിനീതമായി പറഞ്ഞു.
**" എനിക്ക് വേണ്ടി ഒരു കസേര ഇടരുത്. എന്നെ നിയോഗിച്ചിരിക്കുന്നത് സേവിക്കുവാൻ വേണ്ടിയാണ്. "**

ഭരണകൂടത്തിന്റെ മഹത്തായ രണ്ട് തത്വങ്ങളിൽ ഒന്ന്, പൊതുജനത്തിന്റെ സേവകരായിരിക്കണം ഭരണകൂടം എന്നതാണ്. ഭരണകൂടത്തിന് വിശ്രമം പാടില്ല.മറ്റുള്ളവരുടെ മേൽ അധികാരത്തിലുള്ളവർ അവരുടെ സുഖ സൗകര്യങ്ങൾ ത്യാഗം ചെയ്യേണ്ടതാണ്. അവർ പൊതുജനങ്ങളുടെ കർത്തവ്യ നിർവ്വഹണത്തിൽ തങ്ങളുടെ സമയം ത്യാഗം ചെയ്യേണ്ടതാണ്. തങ്ങളുടെ സുഖം ത്യജിച്ച് മറ്റുള്ളവരുടെ സുഖം കണ്ടെത്തേണ്ടതാണ്. ഒരു സന്ദർഭത്തിൽ കുറേ ആളുകൾ വാഗ്ദത്ത മസീഹ് (അ) നെ കാണാൻ വരുകയുണ്ടായി. അദ്ദേഹം ഇരുന്നിരുന്ന പായിൽ നിന്ന് വളരെ ദൂരെയായി വിനയത്തോടെ അവർ ഇരുന്നു. അതായിരുന്നു അവിടുത്തെ പതിവ്. ഇതിൽ അദ്ദേഹം അതൃപ്തനായി. എന്നിട്ട് അത്ഭുതത്തോടെ പറഞ്ഞു. **"ഈ ആളുകളെ കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെടുന്നു. മസീഹ് ആഗതനായിരിക്കുന്നു; എന്നിട്ടും അവയുടെ പഴയ രീതികൾ ഉപേക്ഷിക്കുന്നില്ല. വരൂ എന്നിട്ട് എന്റെ അടുത്തിരിക്കൂ."**

രണ്ടാമതായി, ഒരു രാജ്യത്തിലെ ഭരണം നിശ്ചയമായും ഇങ്ങനെ ആയിരിക്കേണ്ടതാണ്. ഇസ്ലാമിക നിയമമനുസരിച്ച്, ജനങ്ങളുടെ ഉപദേശമനുസരിച്ച്, ഭരണം നടത്തപ്പെടേണ്ടതാണ്. ഒരു പ്രവാചകൻപോലും ഇപ്രകാരമായിരിക്കണം; ഒരു കാര്യത്തെക്കുറിച്ച് വ്യക്തമായ ദൈവീക നിർദ്ദേശം ലഭിക്കാത്തടത്തോളം കാലം; നേരിട്ട് ദൈവീക ഇടപെടലുകൾ ഉണ്ടാകാത്തടത്തോളം ജനഹിതം നോക്കി പെരുമാറേണ്ടതാണ്. വാഗ്ദത്ത മസീഹ് (അ) ന്റെ കാര്യത്തിൽപോലും അദ്ദേഹം തന്റെ അനുയായികളുമായി കൂടി ആലോചിച്ചിരുന്നു. ആരെങ്കിലും ഉപദേശം നൽകുകയാണെങ്കിൽ അദ്ദേഹം അത് സ്വാഗതം ചെയ്തിരുന്നു; അദ്ദേഹം മിക്കപ്പോഴും, അവരുടെ ഉപദേശം പിൻപറ്റിയിരുന്നു; ചിലപ്പോൾ അദ്ദേഹത്തിന് മറിച്ച് അഭിപ്രായമുണ്ടായിരുന്നെങ്കിൽ പോലും ! കൂടിയാലോചനയുടെ പ്രാധാന്യം അവർ മനസ്സിലാക്കുവാൻ വേണ്ടിയാണ് അദ്ദേഹം അപ്രകാരം ചെയ്തിരുന്നത്. അങ്ങനെ അദ്ദേഹം ജനാധിപത്യത്തിന്റെ യഥാർത്ഥ സത്ത നവീകരിക്കുകയുണ്ടായി; ലോകത്ത് ആദ്യമായി ജനാധിപത്യത്തെ പരിചയപ്പെടുത്തിയത് ഇസ്ലാമാണ്.

മൂന്നാമതായി, സാമുദായിക തർക്കങ്ങൾക്ക് മാധ്യസ്ഥം വഹിക്കുക എന്നത് ഗവൺമെന്റിന്റെ ബാധ്യതയാണ്. കാരണം അത് പൊതു അസമാധാനത്തിന് വഴിയൊരുക്കും. അരാജകത്വം വളർത്തും. അതിന് തടയിടേണ്ടത് ഗവൺമെന്റിന്റെ ബാധ്യതയാണ്. പൊതു സമാധാനവും, ക്രമസമാധാനവും തർക്കങ്ങളും നിയമ വ്യവസ്ഥയിലൂടെ പരിഹരിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. ചിന്താ സ്വാതന്ത്ര്യത്തിന്റെ മേലോ വ്യക്തികളുടെ അവകാശങ്ങളുടെ മേലോ യാതൊരുവിധ കൈകടത്തുലകളും ഉണ്ടാകാൻ പാടില്ലാത്തതാണ്.

അതുപോലെ, ഇസ്ലാം വ്യക്തികളുടെ അവകാശങ്ങളെ പരിപാവനമായതാണെന്ന് പഠിപ്പിക്കുന്നു. ഓരോ തൊഴിലാളിക്കും അവന്റെ ജോലിയുടെ പൂർണ്ണ വേതനം നൽകാൻ ഗവൺമെന്റിന് ബാധ്യതയുണ്ട്. ഓരോ ഭരണകൂടവും മുഴു സമുദായത്തെയും ബാധിക്കുന്ന തർക്കവിതർക്കങ്ങൾ സംബന്ധമായ കാര്യങ്ങളിൽ സദാ ജാഗ്രത പുലർത്തേണ്ടതാണ്. ഇസ്ലാമിന്റെ ആദ്യകാല ചരിത്രം കാണിക്കുന്നത്, ഒരു വ്യക്തി ഒറ്റയ്ക്ക് പോലും, തങ്ങളുടെ വേതനം മുഴുവൻ തന്നില്ലായെന്ന പരാതിയുമായി ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്; ആയതിനാൽ അത്തരം കേസുകളിലും ഗവൺമെന്റ് ഇടപെടുകയും അവരുടെ പ്രയാസം അകറ്റുകയും ചെയ്യേണ്ടതാണ്.

വെള്ളിയാഴ്ച ഖുത്തുബ ഇന്ന് ഇവിടെ അവസാനിപ്പിക്കുന്നു. അടുത്ത ആഴ്ചയിലും ഈ വിഷയം തുടരുവാനുള്ള തൗഫീഖ് അല്ലാഹു (ത) നൽകട്ടെ ! ഇൻശാ അല്ലാഹ്. ആമീൻ! അല്ലാഹു (ത) നമ്മെ നേർപാതയിൽ നയിക്കട്ടെ ! അറിവ് നൽകി നമ്മെ അവൻ സമുദ്ധരിക്കട്ടെ ! ആമീൻ.


**Translated & Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223 / 8547299180*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


****************